# തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിശീലന പരിപാടി ലക്ഷ്യപ്രാപ്തിയിലേക്ക്

കൊച്ചി: തെങ്ങിന്റെ ചങ്ങാതിമാരായ യുവാക്കൾക്ക് സ്ഥിരം തൊഴിലും വരുമാനമാർഗ്ഗവും ഉറപ്പാക്കിക്കൊണ്ട് കേന്ദ്ര നാളികേര ബോർഡ് ഇക്കഴിഞ്ഞ ചിങ്ങം ഒന്നിന് ആരംഭിച്ച തെങ്ങുകയറ്റ പരിശീലന പരിപാടിയിൽ 2012 ജനുവരി 27നകം പരിശീലനം പൂർത്തിയാക്കിയവരുടെ എണ്ണം നാലായിരത്തോളമായി. എറണാകുളം, കോഴിക്കോട് ജില്ലകളിൽ പരിശീലനം പൂർത്തീകരിച്ചവർ 500 കഴിഞ്ഞു.

ഈ സാമ്പത്തിക വർഷം 5000 തെങ്ങിന്റെ ചങ്ങാതിമാർക്ക് പരിശീലനം നൽകാനാണ് ബോർഡിന്റെ ലക്ഷ്യം. തെങ്ങിനെ സംബന്ധിച്ച് സമഗ്രമായ അറിവും പരിശീലനവും നൽകുന്നതിന് 10 ജില്ലകളിൽ ആരംഭിച്ച ആറ് ദിവസത്തെ സൗജന്യ പരിശീലനം 20 പേർവീതമുള്ള 25 ബാച്ചുകൾക്ക് നൽകി ഓരോ കേന്ദ്രങ്ങളിലും 500 തികയ്ക്കുക എന്നതായിരുന്നു പ്രാരംഭലക്ഷ്യം. ഇപ്പോൾ 13 ജില്ലകളിലെ വിവിധ കേന്ദ്രങ്ങളിൽ തെരഞ്ഞെടുക്കപ്പെട്ട സന്നദ്ധ സംഘടനകളുടെ നേതൃത്വത്തിലാണ് പരിശീലനം നൽകുന്നത്. മാനേജ്മെന്റ് വിദഗ്ദ്ധന്മാരുടെ മേൽനോട്ടത്തിലുള്ള ലോക്കൽ എക്കണോമിക് ഡവലപ്മെന്റ് സൊസൈറ്റി (ലെഡ്സ്) എന്ന സംഘടനയാണ് എറണാകുളം ജില്ലയിലെ പരിശീലനത്തിന് നേതൃത്വം വഹിക്കുന്നത്. മറ്റ് ജില്ലകളിലെ പരിശീലനം പൂർത്തീകരിച്ച തെങ്ങിന്റെ ചങ്ങാതിമാരുടെ എണ്ണം താഴെപ്പറയും പ്രകാരമാണ് കാസരഗോഡ് 158, കണ്ണൂർ 403, മലപ്പുറം 281, പാലക്കാട് 386, തൃശ്ശൂർ 423, ആലപ്പുഴ 223, ഇടുക്കി 43, കോട്ടയം 79, പത്തനംതിട്ട 74, കൊല്ലം 406, തിരുവനന്തപുരം 448. മറ്റ് സംസ്ഥാനങ്ങളിലേക്ക് പദ്ധതി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി മഹാരാഷ്ട്രയിൽ 20 പേർക്കും പരിശീലനം നൽകിയിട്ടുണ്ട്.